(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നഗരങ്ങൾ, ടൗൺ സെന്ററുകൾ, റോഡുനിരത്തുകൾ എന്നിവിടങ്ങളിൽ അമിനിറ്റീസ് സെന്ററുകൾ പ്രവർത്തിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ വകുപ്പ് മന്ത്രി ചെയർമാനായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദ സഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര സൗകര്യങ്ങൾ സജ്ജമാക്കുക എന്നതാണ് പ്രധാനമായ ഉദ്ദേശ്യലക്ഷ്യം.

(സി&ഡി) ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും അംഗവൈകല്യമുള്ളവർക്കും ടോയ്‌ലെറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണശാല, മെയിന്റനൻസ് ഷോപ്പ്, വിശ്രമസൗകര്യം, ബാങ്ക് എ.റ്റി.എം. ലോക്കർ, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർഫീയോടുകൂടി പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**2012-13, 2013-14 എന്നീ സാമ്പത്തികവർഷങ്ങളിൽ കുട്ടനാട്ടിൽ നടന്ന മരാമത്തുപണികൾ**

**353 (1424)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14 എന്നീ സാമ്പത്തികവർഷങ്ങളിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) അതിൽ ഏതൊക്കെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചുവെന്നും ഏതൊക്കെ പ്രവൃത്തികൾ ആരംഭിക്കാനുണ്ടെന്നും ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) തൈച്ചേരി പാലത്തിന്റെയും ജീമംഗലം റോഡിലെ പാലത്തിന്റെയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെട്ടിട വിഭാഗം

2012-13

രാമങ്കരി വെറ്ററിനറി ഡിസ്പെൻസറി കെട്ടിടത്തിനും ആനപ്രാമ്പൽ വെറ്ററിനറി ഡിസ്പെൻസറി കെട്ടിട നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

2013-14

ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

നിരത്തുകളും പാലങ്ങളും വിഭാഗം

2012-13-ൽ പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല. 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയപാതാ വിഭാഗം

ദേശീയപാതാ വിഭാഗത്തിന് കീഴിൽ കുട്ടനാട് നിയോജകമണ്ഡലത്തിന്റെ കീഴിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

(ബി) കെട്ടിട വിഭാഗം

1. രാമങ്കരി വെറ്ററിനറി ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.
2. ആനപ്രാമ്പ വെറ്ററിനറി ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.
3. പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

നിരത്തുകളും പാലങ്ങളും വിഭാഗം

മങ്കൊമ്പ് പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കെ.എസ്.സി.-ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണമേഖല, തിരുവനന്തപുരം സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. കൃഷ്ണപുരം പാലത്തിന്റെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. മറ്റു പണികളെ സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly